File No.SJD/1970/2021-C3

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: -ഷീബ ജോർജ്ജ് ഐ. എ. എസ് )

ഉത്തരവ് നം.

തിരുവനന്തപുരം,
തീയതി. 15/05/2021

---

വിഷയം: സാമൂഹ്യനീതി വകുപ്പ്-ട്രാൻസ്ജെൻഡർ ക്ഷേമം-കോവിഡ് 19 തീവ്ര വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യൽ- ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം : കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 15.05.2021 തീയതിയിലെ സി-897/2020 നമ്പർ കത്ത്

സംസ്ഥാനത്ത് കോവിഡ്-19 തീവ്ര വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ ഭൂരിഭാഗം ട്രാൻസ്ജെന്റർ വ്യക്തികൾക്കും തൊഴിൽ പരമായ പ്രതിസന്ധി നേരിടേണ്ടി വരുകയും തന്മൂലം സ്വന്തമായി ജീവനോപാധി കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ പരാമർശം പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇവരുടെ സാമൂഹ്യ അവസ്ഥ പരിഗണിച്ച് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കേണ്ടതുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള സാധനങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷ്യധാന്യ കിറ്റുകൾ സപ്ലൈക്കോ ഔട്ട് ലെറ്റ് മുഖേന ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങി അർഹമായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**ഓരോ ഭക്ഷ്യ ധാന്യ കിറ്റിലും ഉൾപ്പെടുത്തേണ്ട ഭക്ഷ്യവസ്തുക്കളുടെ വിശദവിവരം**

1.ഗുണമേന്മയുള്ള അരി-5 kg
2.ചെറുപയർ- 1 kg
3.വെളിച്ചെണ്ണ-500 മില്ലി ലിറ്റർ
4.പഞ്ചസാര-1 kg
5.ആട്ട-1 kg
6.തേയില-500 g
7.മുളക്പ്പൊടി
8.മല്ലിപ്പൊടി
9.മഞ്ഞൾപ്പൊടി
10.കടല
11.മറ്റ് പലവ്യഞ്ജനങ്ങൾ

സപ്ലൈക്കോ ജില്ലാതല ഓഫിസ്/ഔട്ട് ലെറ്റുമായി ജില്ലാ സാമൂഹ്യനീതി ഓഫിസർമാർ അടിയന്തിരമായി ബന്ധപ്പെട്ട് ക്രെഡിറ്റ് വ്യവസ്ഥയിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന ജാഗ്രത നിർദേശത്തിൻറെ അടിസ്ഥാനത്തിലും അടിയന്തിര സാഹചര്യം കണക്കിലെടുത്തും ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുമ്പോൾ ചുവടെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ടതും ജില്ലാ ജസ്റ്റിസ് കമ്മിറ്റികൾ, സി. ബി. ഒ കൾ എന്നിവരുടെ പൂർണ സഹകരണം ഉറപ്പാക്കേണ്ടതുമാണ്.

1. ഓരോ ജില്ലയിലും ഭക്ഷ്യ വസ്തുക്കൾ ആവശ്യപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം മുൻകൂർ തിട്ടപ്പെടുത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ അതാത് സപ്ലൈക്കോ ഔട്ട് ലെറ്റുകളുമായി ബന്ധപ്പെട്ട് മേൽ ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യ കിറ്റുകൾ ക്രെഡിറ്റ് വ്യവസ്ഥയിൽ വാങ്ങി വിതരണം ചെയ്യേണ്ടതുമാണ്.
2. ഓരോ കിറ്റിലും ഉൾപ്പെടുത്തേണ്ട മേൽ ഭക്ഷ്യ വസ്തുകൾക്ക് പുറമേ മറ്റ് പലവ്യഞ്ജനങ്ങളും ഉൾപ്പടെ ആകെ 700/- രൂപയിൽ നിജപ്പെടുത്തി ഭക്ഷ്യ വസ്തുക്കൾ കിറ്റിൽ ഉൾപ്പെടുത്താവുന്നതാണ്
3. ജില്ലാ സാമൂഹ്യനീതി ഓഫിസറുടെ മേൽനോട്ടത്തിൽ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുകയും ആയത് യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിയ്ക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.
4. ജില്ലാ ജസ്റ്റിസ് കമ്മിറ്റികളുടേയും സി.ബി.ഒ കളുടേയും സഹകരണത്തോടെ സമയ ബന്ധിതമായി കിറ്റുകൾ വിതരണം ചെയ്യേണ്ടതും, ഗുണഭോക്താക്കളുടെ ലിസ്റ്റ്, കൈപ്പറ്റ് രസീത്, ക്രെഡിറ്റ് ബില്ല് എന്നിവയുടെ പകർപ്പ് സഹിതം 31.05.2020 ന് മുൻപായി ഇതു സംബന്ധിച്ച റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.
5. ഗുണഭോക്താവിന്റെ ഐഡി കാർഡ്, ഐ.ഡി കാർഡ് ലഭിയ്ക്കാത്തവർക്ക് സ്ക്രീനിംഗ് രേഖകൾ/അപേക്ഷ സമർപ്പിച്ച രേഖകൾ എന്നിവ പരിശോധിച്ച ശേഷം കിറ്റുകൾ വിതരണം ചെയ്യാവുന്നതാണ്.
6. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലവിലുള്ള ജാഗ്രതാ നിർദേശങ്ങൾ കൃത്യമായി പാലിച്ചുമാത്രം കിറ്റ് വിതരണം ചെയ്യേണ്ടതും, ആനാവശ്യമായ തിരക്ക് ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിയ്ക്കേണ്ടതുമാണ്.

7.വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഭക്ഷ്യധാന്യ കിറ്റുകൾ സമയബന്ധിതമായും പരാതിയ്ക്ക് ഇടയില്ലാത്ത വിധവും വിതരണം ചെയ്യേണ്ട പൂർണ്ണ ചുമതല അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിക്ഷിപ്തമായിരിയ്ക്കും. ഇതിലേയ്ക്കായി ജില്ലാ ജസ്റ്റിസ് കമ്മിറ്റിയിലെ കമ്മ്യൂണിറ്റി പ്രതിനിധികളുടെ സേവനം ജില്ലാ സാമൂഹ്യനീതി ഓഫിസർമാർ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

<u>എല്ലാ ജില്ലാ സാ മൂഹ്യനീതി ഓഫിസർമാർക്കും</u>

<u>പകർപ്പ് :</u>

1. ടി ജി സെൽ
2. വെബ് സൈറ്റ്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്